Reg. No. : ....................................

Name : ........................................

**FY-36**

# FIRST YEAR HIGHER SECONDARY EXAMINATION, MARCH 2020

Part – III

Time : 2½ Hours

## POLITICAL SCIENCE

Cool-off time : 15 Minutes

Maximum : 80 Scores

***General Instructions to Candidates :***

- There is a 'Cool-off time' of 15 minutes in addition to the writing time.
- Use the 'Cool-off time' to get familiar with questions and to plan your answers.
- Read questions carefully before answering.
- Read the instructions carefully.
- Calculations, figures and graphs should be shown in the answer sheet itself.
- Malayalam version of the questions is also provided.

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- നിർദ്ദിഷ്ട സമയത്തിന് പുറമെ 15 മിനിറ്റ് 'കൂൾ ഓഫ് ടൈം' ഉണ്ടായിരിക്കും.
- 'കൂൾ ഓഫ് ടൈം' ചോദ്യങ്ങൾ പരിചയപ്പെടാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കുക.
- ഉത്തരങ്ങൾ എഴുതുന്നതിന് മുമ്പ് ചോദ്യങ്ങൾ ശ്രദ്ധാപൂർവ്വം വായിക്കണം.
- നിർദ്ദേശങ്ങൾ മുഴുവനും ശ്രദ്ധാപൂർവ്വം വായിക്കണം.
- കണക്ക് കൂട്ടലുകൾ, ചിത്രങ്ങൾ, ഗ്രാഫുകൾ, എന്നിവ ഉത്തരപേപ്പറിൽ തന്നെ ഉണ്ടായിരിക്കണം.
- ചോദ്യങ്ങൾ മലയാളത്തിലും നല്കിയിട്ടുണ്ട്.

DITTO WS

**From questions 1 to 11, answer for 16 scores.** **(16)**

1. Following are some of the provisions borrowed to Indian constitution from the constitution of other countries. Find out relevant countries. **(4)**

| Provisions | Countries |
|---|---|
| Concept of Rule of law | |
| Principle of liberty, equality, fraternity | |
| Fundamental Rights | |
| Directive Principles of state policy | |

2. Which day is observed as Human Rights day ? **(1)**

   (August 15, January 10, October 2, December 10)

3. Mention the article which empowers High Courts to issue writs. **(1)**

4. Identify the commission which recommended constitutional status to local governing bodies in India (Sarkaria Commission, Balwant Rai Mehta Committee, Mandal Commission, P.K. Thungon Committee) **(1)**

5. Classify the following and write them in respective columns : **(3)**

   - Police
   - Education
   - Defence
   - Banking
   - Jail
   - Forest

| Union list | State list | Concurrent list |
|---|---|---|
| • | • | • |
| • | • | • |

DITTO WS

**1 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ 16 സ്കോറിന് ഉത്തരമെഴുതുക.** **(16)**

1. ഇന്ത്യൻ ഭരണഘടന മറ്റു രാജ്യങ്ങളിലെ ഭരണഘടനകളിൽ നിന്നും കടം കൊണ്ട ചില വ്യവസ്ഥകളാണ് താഴെ കൊടുത്തിരിക്കുന്നത്. ബന്ധപ്പെട്ട രാജ്യങ്ങൾ കണ്ടെത്തുക. **(4)**

| വ്യവസ്ഥകൾ | രാജ്യങ്ങൾ |
|---|---|
| നിയമ വാഴ്ച എന്ന ആശയം | |
| സ്വാതന്ത്ര്യം, സമത്വം സാഹോദര്യം എന്ന തത്വം | |
| മൗലികാവകാശങ്ങൾ | |
| രാഷ്ട്രനയത്തെ സംബന്ധിച്ച നിർദ്ദേശക തത്വങ്ങൾ | |

2. മനുഷ്യാവകാശ ദിനമായി ആചരിക്കുന്ന ദിവസം ഏത്? **(1)**

(ആഗസ്റ്റ് 15, ജനവരി10, ഒക്ടോബർ 2, ഡിസംബർ 10)

3. റിട്ടുകൾ പുറപ്പെടുവിക്കാൻ ഹൈക്കോടതികൾക്ക് അധികാരം നൽകുന്ന ആർട്ടിക്കിൾ സൂചിപ്പിക്കുക. **(1)**

4. ഇന്ത്യയിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് ഭരണഘടനാ പദവി ശുപാർശ ചെയ്ത കമ്മീഷനെ തിരിച്ചറിയുക.

(സർക്കാരിയാ കമ്മീഷൻ, ബൽവന്ത്റായ് മേത്ത കമ്മറ്റി, മണ്ഡൽ കമ്മീഷൻ, പി.കെ. തുംഗൻ കമ്മറ്റി) **(1)**

5. താഴെ തന്നിട്ടുള്ളവയെ തരം തിരിച്ച് ബന്ധപ്പെട്ട കോളത്തിൽ എഴുതുക. **(3)**

- Police
- Education
- Defence
- Banking
- Jail
- Forest

| കേന്ദ്ര ലിസ്റ്റ് | സംസ്ഥാന ലിസ്റ്റ് | സംയുക്ത ലിസ്റ്റ് |
|---|---|---|
| • | • | • |
| • | • | • |

6. Identify the German Philosopher who glorified war. **(1)**

(Rousseau, Friedrich Nietzsche, Voltaire, Vilfredo Pareto)

7. Fill in the blanks with appropriate positions. **(3)**




8. Which of the following task is not performed by Election Commission ? **(1)**

(i) Preparing electoral rolls

(ii) Nominating the candidates

(iii) Setting up polling booths

(iv) Implementing model code of conduct

9. Who was the first Election Commissioner of India ? **(1)**

10. Identify the autobiography of Nelson Mandela. **(1)**

(1) Satanic Verses

(2) Freedom from fear

(3) Long walk to freedom

(4) My Experiments with Truth

6. യുദ്ധത്തെ മഹത്വ വത്കരിച്ച ജർമ്മൻ തത്വ ചിന്തകനെ തിരിച്ചറിയുക. **(1)**

(റൂസ്സോ, ഫ്രെഡറിക് നീഷെ, വോൾട്ടയർ, വിൽഫ്രഡോ പരേറ്റോ)

7. ഉചിതമായ സ്ഥാന പദങ്ങൾ ഉപയോഗിച്ച് വിട്ട ഭാഗം പൂരിപ്പിക്കുക **(3)**




8. തെരഞ്ഞെടുപ്പ് കമ്മീഷൻ ചെയ്യുന്നതല്ലാത്ത ജോലിയേത്? **(1)**

(i) വോട്ടർ പട്ടിക തയ്യാറാക്കുന്നു

(ii) സ്ഥാനാർഥികളെ നാമനിർദ്ദേശം ചെയ്യുന്നു

(iii) പോളിംഗ് ബൂത്തുകൾ സ്ഥാപിക്കുന്നു

(iv) മാതൃകാ പെരുമാറ്റച്ചട്ടം നടപ്പാക്കുന്നു

9. ഇന്ത്യയുടെ ആദ്യത്തെ തെരഞ്ഞെടുപ്പു കമ്മീഷണർ ആരായിരുന്നു ? **(1)**

10. നെൽസൺ മണ്ടേലയുടെ ജീവചരിത്ര ഗ്രന്ഥം തിരിച്ചറിയുക. **(1)**

(1) സാത്താന്റെ വചനങ്ങൾ

(2) ഭയത്തിൽ നിന്നുള്ള മോചനം

(3) സ്വാതന്ത്ര്യത്തിലേക്കുള്ള ദീർഘ നടത്തം

(4) എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ

11. Complete the given pyramid showing the structure of Indian Judiciary. **(3)**




**Answer any 4 questions from 12 to 17. Each carries 3 scores.** **(4 × 3 = 12)**

12. Constitution amendment is the procedure through which any addition or change is made in the constitution. Examine three provisions for amending the constitution of India.

13. India had adopted the concept of Secularism, different from western concept. Point out any three differences between the two.

14. Liberty has two aspects. Negative liberty and positive liberty. Explain.

15. State is not a temporary community of individuals. It is different from groups and communities. Explain how the state is different from communities.

16. There were two development models existed in the world at the time of India's independence. Explain.

17. Write a short note on social, political and economic equalities.

11. ഇന്ത്യൻ ജുഡീഷ്യറിയുടെ ഘടന കാണിക്കുന്ന താഴെ തന്നിരിക്കുന്ന പിരമിഡ് പൂർത്തിയാക്കുക. **(3)**




**12 മുതൽ 17 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം.** **(4 × 3 = 12)**

12. ഭരണഘടനയിൽ ഏതെങ്കിലും കൂട്ടിച്ചേർക്കലുകളോ മാറ്റങ്ങളോ വരുത്തുന്ന നടപടി ക്രമമാണ് ഭരണഘടനാ ഭേദഗതി, ഇന്ത്യൻ ഭരണഘടന ഭേദഗതി ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ വിശകലനം ചെയ്യുക.

13. ഇന്ത്യ സ്വീകരിച്ചിരിക്കുന്ന മതേതരത്വ ആശയം പാശ്ചാത്യ സങ്കൽപത്തിൽ നിന്നും വ്യത്യസ്ത മാണ്. ഏതെങ്കിലും മൂന്ന് വ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുക.

14. സ്വാതന്ത്ര്യത്തിന് രണ്ട് തലങ്ങളുണ്ട് നിഷേധാത്മകവും ക്രിയാത്മകവും. വിശദീകരിക്കുക.

15. രാഷ്ട്രം എന്നത് വ്യക്തികളുടെ താൽക്കാലികമായ ഒരു ഒത്തുചേരലല്ല. അത് ഗ്രൂപ്പുകളിൽ നിന്നും സമുദായങ്ങളിൽ നിന്നും വ്യത്യസ്തമാണ്. രാഷ്ട്രം എങ്ങനെ സമുദായങ്ങളിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു എന്ന് വിശദീകരിക്കുക.

16. ഇന്ത്യക്ക് സ്വാതന്ത്ര്യം ലഭിക്കുന്ന സമയത്ത് ലോകത്തിൽ രണ്ട് വികസന മാതൃകകളാണ് ഉണ്ടായിരുന്നത്. വിശദീകരിക്കുക.

17. സാമൂഹ്യ, രാഷ്ട്രീയ സാമ്പത്തിക സമത്വങ്ങളെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയ്യാറാക്കുക.

DITTO WS

**Answer any 4 questions from 18 to 23. Each carries 4 scores.** **(4 × 4 = 16)**

18. Religious domination may be intra religious or inter-religious. Explain.

19. Explain judicial activism and examine its merits and demerits.

20. The provisions relating to citizenship is included in part two and subsequent laws passed by Parliament. Point out means for acquiring Indian citizenship.

21. Explain the use and importance of studying Political Theory.

22. In the debate on the limit of freedom, the 'harm principle' is very relevant. Explain harm principle put forward by J.S. Mill.

23. Nationalism has two phases – constructive and destructive. Explain with examples.

**Answer any 4 questions from 24 to 29. Each carries 5 scores.** **(4 × 5 = 20)**

24. India is one of the countries, where free and fair election is held. But there are some drawbacks in our electoral system. Give suggestions to reform the present electoral system.

25. Explain the different stages of law making procedure in Indian Parliament.

26. The Indian constitution gave shape to a federation with a strong central government. Substantiate the statement.

**18 മുതൽ 23 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(4 × 4 = 16)**

18. മതമേധാവിത്വം ആന്തരിക മതമേധാവിത്വമോ അന്തർ മതമേധാവിത്വമോ ആകാം. വിശദീകരിക്കുക.

19. ജുഡീഷ്യൽ ആക്ടിവിസവും അതിന്റെ ഗുണ ദോഷങ്ങളും വിശദീകരിക്കുക.

20. പൗരത്വത്തെ സംബന്ധിച്ച വ്യവസ്ഥകൾ ഭരണഘടനയുടെ രണ്ടാം ഭാഗത്തിലും പാർലമെന്റ് പാസാക്കിയ തുടർനിയമങ്ങളിലും ഉൾപ്പെടുത്തിയിരിക്കുന്നു. ഇന്ത്യൻ പൗരത്വം നേടിയെടുക്കുന്നതിനുള്ള മാർഗ്ഗങ്ങൾ ചൂണ്ടിക്കാണിക്കുക.

21. രാഷ്ട്രീയ സിദ്ധാന്തം പഠിക്കുന്നതിന്റെ ഉപയോഗവും പ്രാധാന്യവും വിശദീകരിക്കുക.

22. സ്വാതന്ത്ര്യത്തിന്റെ പരിധിയെ സംബന്ധിച്ച സംവാദത്തിൽ ഹാനി സിദ്ധാന്തം വളരെ പ്രാധാന്യമർഹിക്കുന്നു. ജെ. എസ്. മിൽ മുന്നോട്ടുവച്ച ഹാനി സിദ്ധാന്തം വിശദീകരിക്കുക.

23. ദേശീയതക്ക് രണ്ട് തലങ്ങളുണ്ട് – സൃഷ്ടിപരവും വിനാശകരവും. ഉദാഹരണ സഹിതം വിശദീകരിക്കുക.

**24 മുതൽ 29 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരമെഴുതുക. 5 സ്കോർ വീതം.** **(4 × 5 = 20)**

24. സ്വതന്ത്രവും നീതിയുക്തവുമായ തെരഞ്ഞെടുപ്പു നടക്കുന്ന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. പക്ഷേ നമ്മുടെ തെരഞ്ഞെടുപ്പു സമ്പ്രദായത്തിൽ ചില പോരായ്മകളുണ്ട്. നിലവിലെ തെരഞ്ഞെടുപ്പു സമ്പ്രദായം പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുക.

25. ഇന്ത്യൻ പാർലമെന്റിന്റെ നിയമ നിർമ്മാണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ വിശദീകരിക്കുക.

26. ഇന്ത്യൻ ഭരണഘടന ശക്തമായ ഒരു കേന്ദ്ര ഗവൺമെന്റോടുകൂടിയ ഫെഡറേഷനാണ് രൂപം നൽകിയി രിക്കുന്നത്. ഈ പ്രസ്താവനയെ സാധൂകരിക്കുക.

DITTO WS

27. Briefly explain the functions of constitution.

28. So many criticisms are raised against the constitution of India. On the basis of this statement, analyse the criticisms against the constitution.

29. Briefly explain the forms of structural violence.

**Answer any 2 questions from 30 to 32. Each carries 8 scores.** **(2 × 8 = 16)**

30. Briefly explain the fundamental Rights enshrined in the constitution of India.

31. The 73rd and 74th constitutional amendments brought revolutionary changes in the structure and functions of local governments. Identify major changes implemented through these amendments.

32. The concept of Justice has three important principles. Briefly explain justice and the three principles with suitable examples using following hints.

- Equal treatment for equals
- Proportionate justice
- Recognition of special needs

---

27. ഭരണഘടനയുടെ ചുമതലകൾ ചുരുക്കി വിവരിക്കുക.

28. ഇന്ത്യൻ ഭരണഘടനക്കെതിരെ ധാരാളം വിമർശനങ്ങൾ ഉയർന്നു വന്നിട്ടുണ്ട്. ഈ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ ഭരണഘടനക്കെതിരെയുള്ള വിമർശനങ്ങൾ വിശകലനം ചെയ്യുക.

29. ഘടനാപരമായ ഹിംസയുടെ രൂപങ്ങൾ ചുരുക്കി വിവരിക്കുക.

**30 മുതൽ 32 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും 2 എണ്ണത്തിന് ഉത്തരമെഴുതുക. 8 സ്കോർ വീതം.** **(2 × 8 = 16)**

30. ഇന്ത്യൻ ഭരണഘടനയിൽ പ്രതിപാദിച്ചിട്ടുള്ള മൗലികാവകാശങ്ങൾ ചുരുക്കി വിവരിക്കുക.

31. 73, 74 ഭരണഘടനാ ഭേദഗതികൾ തദ്ദേശ ഭരണകൂടങ്ങളുടെ ഘടനയിലും ചുമതലകളിലും വിപ്ലവകരമായ മാറ്റങ്ങൾ കൊണ്ടുവന്നു. ഈ ഭരണഘടനാ ഭേദഗതികളിലൂടെയുണ്ടായ പ്രധാന മാറ്റങ്ങൾ കണ്ടെത്തുക.

32. നീതി എന്ന ആശയത്തിന് മൂന്ന് തത്വങ്ങളുണ്ട്. നീതിയെയും അതിന്റെ മൂന്ന് തത്വങ്ങളെയും താഴെയുള്ള സൂചകങ്ങളുപയോഗിച്ച് ഉദാഹരണ സഹിതം ചുരുക്കി വിവരിക്കുക.

- തുല്ല്യർക്ക് തുല്ല്യപരിഗണന
- ആനുപാതിക നീതി
- പ്രത്യേകാവശ്യങ്ങൾ അംഗീകരിക്കൽ